മനോരമ

ശൻ എന്നിവർ പ്രസംഗിച്ചു.

# വിശ്വാസ്: നവീകരിച്ച ഓഫിസ് തുറന്നു

പാലക്കാട് • കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന 'വിശ്വാസി'ന്റെ കലക്ടറേറ്റിലുള്ള നവീകരിച്ച ഓഫിസും കൗൺസലിങ് സംവിധാനവും വി.കെ. ശ്രീകണ്ഠൻ എംപി ഉദ്ഘാടനം ചെയ്തു. അസി.കലക്ടർ ഡി. ധർമലശ്രീ അധ്യക്ഷയായി.

കോവിഡ് പശ്ചാത്തലത്തിൽ മാനസിക സമ്മർദം നേരിടുന്നവർക്കും കുറ്റകൃത്യങ്ങൾക്ക് ഇരയായ സ്ത്രീകളും കുട്ടികളും ഉൾപ്പെടെയുള്ള വിഭാഗത്തിനും പരാതികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വിശദീകരണം ബോധിപ്പിക്കാനും കൗൺസലിങ്ങിനും സൗകര്യമുണ്ടാവും. കുടുംബശ്രീയുടെ നേതൃത്വത്തിൽ സ്നേഹിത പദ്ധതിയുമായി സഹകരിച്ചാണ് കൗൺസലിങ്. കൗൺസിലർമാരുടെ സേവനം എല്ലാ വെള്ളിയാഴ്ചകളിലും വിശ്വാസ് ഓഫിസിൽ ലഭ്യമാകും.

ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റും ലീഡ് കോളജ് ഓഫ് മാനേജ്മെന്റും കടമ്പഴിപ്പുറം കൈരളി പുരുഷ സ്വയം സഹായ സംഘവുമാണ് നവീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. ഉദ്ഘാടന പരിപാടിയിൽ വിശ്വാസ് വൈസ് പ്രസിഡന്റ് അഡ്വ. എസ്.ശാന്താദേവി, സെക്രട്ടറിയും പബ്ലിക് പ്രോസിക്യൂട്ടറുമായ പി.പ്രേംനാഥ്, അഡ്വ. ആർ.ദേവികൃപ, ചൈൽഡ് ലൈൻ ഡയറക്ടർ ഫാ.ജോർജ് പുത്തൻചിറ, വിശ്വാസ് ട്രഷറർ ബി.ജയരാജ് എന്നിവർ പ്രസംഗിച്ചു.